കൂടാതെ കോഴിയിറച്ചിയുടെ സംസ്കരണം, പാക്കിംഗ് തുടങ്ങിയവയുടെ ചെലവും (15 രൂപ) 14.5% നിരക്കിൽ വില്പന നികുതി കൂടി ചേർക്കുമ്പോൾ ആകെ വില ഏകദേശം 190 രൂപയാകും. ഇത് കൂടാതെ വില്പന ഏജൻസികൾക്കുള്ള കമ്മീഷൻ ഒരു കിലോക്ക് 15 രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതു വിപണിയിലെ വിലയ്ക്ക് ആനുപാതികമായി ഉപഭോക്താക്കൾക്ക് ന്യായമേന്മയേറിയ കോഴിയിറച്ചി ലഭ്യമാക്കുന്നതിനും ഇന്റഗ്രേഷൻ കർഷകർക്ക് ന്യായമായ വളർത്ത് കൂലി നൽകുന്നതിനും ഏജൻസികൾക്ക് ന്യായമായ കമ്മീഷൻ നൽകുന്നതിനും വേണ്ടിയാണ് ലാഭേച്ഛയില്ലാതെ കെപ്കോ ചിക്കൻ നൽകുന്നത്.

(ബി) പൊതു വിപണിയിൽ പ്രോസസ് ചെയ്ത കോഴിയിറച്ചിയുടെ വില കിലോയ്ക്ക് 200 രൂപയ്ക്ക് മുകളിലാണ്. കെപ്കോ കോഴിയിറച്ചിക്ക് കിലോക്ക് 170 രൂപയും 14.5% നികുതിയുമാണ്. നിലവിൽ കെപ്കോ ചിക്കന്റെ വില പൊതുവിപണിയിലെ വിലയേക്കാൾ വാസ്തവത്തിൽ കുറവാണ്.

(സി) കെപ്കോ ചിക്കന്റെ വിലക്കയറ്റം സ്വകാര്യ കച്ചവടക്കാരെ സഹായിക്കാനാണ് എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. കെപ്കോ ചിക്കന്റെ വില കഴിഞ്ഞ രണ്ട് വർഷക്കാലമായി മാറ്റമില്ലാതെ നിലനിൽക്കുന്നുണ്ട്. തമിഴ്നാട്ടിൽ വൻകിട ഇറച്ചിക്കോഴിക്കച്ചവടക്കാർ ഉല്പാദനവും വിപണനവും നിയന്ത്രിച്ച് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അനിയന്ത്രിതമായി വില വർദ്ധിപ്പിക്കുമ്പോൾ കെപ്കോ വിപണിയിൽ ഇടപെടുകയും മിതമായ വിലയ്ക്ക് ഗുണനിലവാരമേറിയ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കെപ്കോ ചിക്കന്റെ വില വർദ്ധിപ്പിച്ചതിന്റെ നേട്ടം കെപ്കോയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. അതിന്റെ ഒരു വിഹിതം, വർദ്ധിപ്പിച്ച വളർത്ത് കൂലിയായി ഇന്റഗ്രേഷൻ കർഷകരിലേക്കും വർദ്ധിപ്പിച്ച കമ്മീഷനായി വിവിധ കെപ്കോ ചിക്കൻ വിപണന ഏജൻസികളിലേക്കും എത്തിച്ചേരുന്നു.

(ഡി) കെപ്കോ കോഴിയിറച്ചിയുടേയും അനുബന്ധ ഉല്പന്നങ്ങളുടേയും വില വർദ്ധനവ് കെപ്കോയുടെ സാധാരണ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

195 (4235) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കന്നുകാലികൾക്ക് മരണമോ മറ്റ് അപകടങ്ങളോ സംഭവിക്കുന്നതുമൂലം കർഷകനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം.

(സി) ഈ പദ്ധതി ഇപ്പോൾ നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഒരു ഘടക പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും മൃഗസംരക്ഷണ വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഒരു ഘടക പദ്ധതിയാണ് ഗോസുരക്ഷാ ഇൻഷ്വറൻസ് സ്കീം. പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ പദ്ധതിയിൽ പശു, എരുമ, ആട്, പന്നി, മുയൽ തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ ആകെ പ്രീമിയത്തിന്റെ 25% മുതൽ 60% വരെ വിവിധ വിഭാഗങ്ങൾക്കായി നൽകുന്നതാണ്. ഈ വർഷം നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്കായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി മുഖേന പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്.

കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി

196 (4236) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly